# ഇരുട്ട്

കഥ　　　　　　　　　　　　　　　　　　　　　　　　സി.ജി. ശിവപ്രസാദ്

അവൾ നേരത്തേ എത്തിയിരുന്നു. പറഞ്ഞതിൽനിന്നും പതിനഞ്ച് മിനുറ്റ് വൈകിയാണ് അവൻ എത്തിയത്. അവന്റെയൊപ്പം ബൈക്കിൽ യാത്രചെയ്യണമെന്ന് അവൾ പണ്ട് പറഞ്ഞത് ഓർത്തെടുത്ത്, അതിനായി ഒരു ബൈക്ക് ഒപ്പിച്ചെടുക്കാനുള്ള ഓട്ടത്തിലായിരുന്നു അവൻ.

അവന് വലിയ പരിചയമില്ലാത്ത ആ നഗരത്തിൽ ഒരു ബൈക്ക് സംഘടിപ്പിക്കുക എന്നത് കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. അവിടെ ആകെയുള്ള ഒരു സുഹൃത്തിന്റെ കാരുണ്യത്തിൽ ഒരു വീട് ശരിയാക്കാൻ തന്നെ അവൻ നന്നേ ബുദ്ധിമുട്ടി. ആവശ്യം അറിയിച്ചപ്പോൾ ഒരു സുഹൃത്തിന് ചെയ്തുകൊടുക്കാവുന്ന വിലപ്പെട്ട ഒരു സഹായം എന്നനിലയ്ക്ക് തന്റെ വീട് അന്നേയ്ക്ക് ശരിയാക്കി തരുകയായിരുന്നു സുഹൃത്ത്. അവന്റെ ഏതോ ഭാഗ്യത്തിന് ആസ്തമാ രോഗിയായ സുഹൃത്തിന്റെ അമ്മ വലിവ് കൂടിയതു കാരണം രണ്ടുദിവസമായി ഹോസ്പിറ്റലിലായിരുന്നു. വീടിന്റെ കൂടെ ഒരു ബൈക്കിന്റെ ആവശ്യംകൂടി അറിയിച്ചപ്പോൾ സുഹൃത്ത് അവനെ രൂക്ഷമായി ഒന്ന് നോക്കി.

‘അതോടിക്ക്യാൻപറ്റോങ്കി എട്ത്തോ, പെട്രോള്ണ്ടാകാൻ വഴിയില്ല.’ പുതിയ ബൈക്ക് വാങ്ങിയപ്പോൾ ഉപേക്ഷിക്കപ്പെട്ട്, വീടിനോട് ചേർന്ന വിറകുപുരയുടെ ചുമർചാരി വച്ചിരുന്ന പഴയ സുസുകി ചൂണ്ടി ഒട്ടും താല്പര്യമില്ലാതെ സുഹൃത്ത് പറഞ്ഞു.

ഒരു കണക്കിന് പെട്രോളൊഴിച്ച് ബൈക്ക് ഒന്ന് സ്റ്റാർട്ട്ചെയ്ത് വരുന്നതിനിടയിൽ മൂന്നുവട്ടം അവന്റെ മൊബൈലിലേയ്ക്ക് അവളുടെ വിളി വന്നു. ഇപ്പൊ എത്തും എന്നുപറഞ്ഞ് അപ്പോഴൊക്കെ അവൻ അവളെ സമാധാനിപ്പിച്ചു.

അവൾ അവനെ കാത്തുനിൽക്കുന്നു എന്നു പറഞ്ഞ സ്ഥലത്തേയ്ക്ക് വളരെ ശ്രമപ്പെട്ടാണ് അവൻ എത്തിയത്. വളരെ മോശം കണ്ടീഷനിലുള്ളതായിരുന്നു അവനു കിട്ടിയ ബൈക്ക്. ഇതെങ്കിലും ഒപ്പിച്ചെടുക്കാൻ പറ്റിയത് ഒരു ഭാഗ്യമായി അവൻ കരുതി.

റോഡിന്റെ ഒരു വശത്ത് ബൈക്ക് ഒതുക്കി അവൻ അവളെ തിരഞ്ഞു. സ്കൂളിലേയ്ക്കും, കോളേജിലേയ്ക്കും, ഓഫീസിലേയ്ക്കും ഒക്കെയായി ബസ്സ് കയറാൻ നിൽക്കുന്ന ഒരുപാടാളുകളുടെ ഒരു കൂട്ടമുണ്ടായിരുന്നു അവിടെ. അവർക്കിടയിലൊന്നും അവന് അവളെ കണ്ടെത്താനായില്ല. തന്നെ കാത്തു നിന്ന് മടുത്ത് അവൾ തിരിച്ച് പോയിരിക്കുമോ എന്ന് അവൻ ഭയപ്പെട്ടു.

മൊബൈലിലേയ്ക്ക് വിളിച്ചുനോക്കിയപ്പോൾ റിംഗ് ചെയ്യുന്നുണ്ട്. രണ്ടാമത്തെ ബെല്ലിൽ തന്നെ അവൾ കോൾ എടുത്തു.

‘എവിടെയെത്തി?’ ഉദ്വേഗഭരിതമായ ശബ്ദത്തിൽ അവൾ ചോദിച്ചു.

‘ഞാനിവിടെയെത്തി. നോക്കിയപ്പോൾ കണ്ടില്ല.’

‘ആരും കാണണ്ടാന്നു കര്തി മാറിനിൽക്കായിരുന്നു.’

മറ്റൊന്നും പറയാതെ അവൾ കോൾ കട്ട് ചെയ്തു.

അവൻ വീണ്ടും അവിടെ മുഴുവൻ അവളെ നോക്കി. ആളുകളുടെ തിരക്കിൽനിന്നും മാറി ഒരു ചെറിയ പെട്ടിക്കടയുടെ മറവിൽനിന്നും അവൾ വേഗത്തിൽ നടന്നുവരുന്നത് അവൻ കണ്ടു. ഒരു മഞ്ഞ ചുരിദാറാണ് അവൾ ധരിച്ചിരുന്നത്. മഞ്ഞ വസ്ത്രത്തിനുള്ളിൽ, ഇരുണ്ട അവളുടെ മുഖം ഇന്ന് എന്തൊക്കെയോ പടർന്നുകയറി കൂടുതൽ ഇരുണ്ടിരിക്കുന്നതായി അവനു തോന്നി. തലമറച്ച തട്ടത്തിനു വശത്തൂടെ ചുറ്റുപാടുമുള്ള ആളുകളെ ശ്രദ്ധിച്ച് അവൾ വേഗത്തിൽ അവന്റെ അടുത്തെത്തി.

നേരം വൈകിയതിൽ അവൾ ദേഷ്യപ്പെടുമെന്ന് അവൻ കരുതി. പക്ഷേ അവൾ ഒന്നും മിണ്ടാതെ അവനെ ഒരു നിമിഷം നോക്കിനിൽക്കുകയാണ് ചെയ്തത്. അവളുടെ മുഖത്ത് അപ്പോൾ ഒരായിരം അമാവാസികൾ ഒന്നിച്ച് വിരുന്നു വന്നിരിക്കുന്നതായി അവന് തോന്നി. അവൻ എത്താൻ വൈകിയതിനെക്കുറിച്ച് അവൾ ചോദിച്ചിരുന്നെങ്കിൽ മുൻപെങ്ങോ അവൾ പറഞ്ഞ് മറന്നുപോയ ഒരു ആഗ്രഹത്തിന്റെ സഫലീകരണത്തിനായി താൻ അനുഭവിച്ച കഷ്ടപ്പാടുകൾ പറഞ്ഞ് അവളുടെ ദയ നേടാമായിരുന്നു എന്ന ആഗ്രഹം അവൻ അടക്കി.

'പോകാം.' തട്ടം ഒന്നുകൂടി മുന്നിലേയ്ക്ക് വലിച്ചിട്ട് മുഖം മറച്ച് ആരും തന്നെ ശ്രദ്ധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം ധൃതിയിൽ അവൾ അവനോട് പറഞ്ഞു.

അവൻ ബൈക്ക് സ്റ്റാർട്ട് ചെയ്തു. അവൾ പുറകിൽ കയറി. എന്തെങ്കിലും ഒന്നുകൂടി അവൾ പറയുമെന്ന് അവൻ കരുതി. പക്ഷെ അതുണ്ടായില്ല. കറുത്ത പുക തുപ്പി ബൈക്ക് ഒരു മുരൾച്ചയോടെ നിരങ്ങി നീങ്ങി.

നഗരത്തിലെ ഇരമ്പിയാർക്കുന്ന വാഹനങ്ങൾക്കിടയിലൂടെ മൗനത്തിന്റെ ഒരു പത്തേമാരി കണക്കെ അവർ ഒഴുകി അവനും. അവനു പുറകിൽ അവളും പരസ്പര ബന്ധമില്ലാത്ത രണ്ട് രേഖകൾ കണക്കെ ഒരേ ദിശയിലേയ്ക്ക്.

അവന് അവളോട് എന്തെങ്കിലും സംസാരിക്കണം എന്നു തോന്നി. പക്ഷെ എന്ത് എങ്ങനെ. സംസാരിക്കാൻ കരുതിവച്ചിരിക്കുന്നതൊക്കെ ഉള്ളിൽ കിടന്ന് ഇരമ്പിയാർക്കുമ്പോഴും മൗനം വല്ലാത്തൊരു ശക്തിയോടെ അതിന്റെ തടവറയിൽ തന്നെ കെട്ടിയിട്ടിരിക്കുന്നതായി അവന് തോന്നി.

'സ്പീഡ് കുറയ്ക്കണോ..?' ഒടുവിൽ കെട്ടുകൾ പൊട്ടിച്ച് അവൻ ചോദിച്ചു.

അവളിൽനിന്നും മറുപടിയൊന്നും ഉണ്ടായില്ല. കുറയ്ക്കണമെന്നോ വേണ്ടന്നോ അവൾ പറയുമെന്ന് അവൻ പ്രതീക്ഷിച്ചിരുന്നു. ഒരു നിത്യമൗനത്തിലേയ്ക്കുള്ള യാത്രയിലാണൊ അവളെന്ന് അവൻ ഭയപ്പെട്ടു.

അവർ ഒരു സിഗ്നൽ ബ്ലോക്കിലെത്തി. ചുവപ്പ് തടഞ്ഞുനിർത്തിയ അനേകം വാഹനങ്ങൾക്കിടയിൽ ഭയഗ്രസിതനായി അവൻ അവളെയൊന്ന് തിരിഞ്ഞുനോക്കി. അകലേയ്ക്കെവിടേയ്ക്കോ ദൃഷ്ടിയുറപ്പിച്ച് ഏതോ വലിയ ചിന്തയിലാണെന്നതു പോലെ തോന്നി അവളെ കണ്ടപ്പോൾ അവന്. ചുറ്റുമുള്ള വാഹനങ്ങളും, അവയുടെ ശബ്ദങ്ങളും, ആളുകളും ഒന്നുംതന്നെ അവളുടെ ചിന്തയെ ഒരു തരിപോലും ബാധിക്കുന്നുണ്ടായിരുന്നില്ല.

'നിസാ..' അവൻ അവളെ പതിഞ്ഞതെങ്കിലും ഉറച്ച ശബ്ദത്തിൽ വിളിച്ചു. 'എന്താ നീയൊന്നും മിണ്ടാത്തത്..?'

തന്റെ ചിന്തയിൽനിന്നും വിട്ട് അവൾ അവനെയൊന്ന് നോക്കി. അപ്പോൾ അവളുടെ കണ്ണുകൾ ചത്ത മീൻകണ്ണുകൾപോലെ നിർവ്വികാരങ്ങളായിരുന്നു. അവനെ കാണുമ്പോഴൊക്കെ വിടർന്നു തിളങ്ങിയിരുന്ന ആ കണ്ണുകൾ ഇപ്പോൾ വരണ്ടുണങ്ങി നിർജ്ജീവമായിരിക്കുന്നു.

'പറയ് നിസാ.. ഒന്നും പറയാനില്ലെ നിനക്കെന്നോട്?' അവൻ വീണ്ടു ചോദിച്ചു.

'ഒന്നും വരുന്നില്ല.' അവൾ കണ്ണുകളിലെ അതേ നിർവ്വികാരതയോടെതന്നെ പറഞ്ഞു. അവളുടെ മനസ്സിലും ഇതേ നിർവ്വികാരതതന്നെയാകും ഇപ്പോൾ ഉള്ളതെന്ന് അവന് തോന്നി. അത് അവനെ ഒരു ഉരുൾപ്പൊട്ടൽ കണക്കെ തകർത്തെറിഞ്ഞു. ഉള്ളിൽനിന്നും എന്തൊക്കെയോ കുത്തിയൊലിച്ച് പുറത്തേയ്ക്ക് പാഞ്ഞൊഴുകുന്നതായി അവനറിഞ്ഞു.

വാഹനങ്ങൾ തുടരെത്തുടരെ ഹോൺ മുഴക്കുന്നത് കേട്ടപ്പോഴാണ് ചുവപ്പു മാറി പച്ച തെളിഞ്ഞെന്ന് അവനറിഞ്ഞത്. വീണ്ടും മൗനത്തിന്റെ തേരിലേയ്ക്ക് അവരെ തള്ളിയിട്ട് ബൈക്ക് പതിയെ അവരെ വഹിച്ചു.

സിഗ്നൽ കഴിഞ്ഞ് ഒരു രണ്ടുകിലോമീറ്ററോളം അവർ പോന്നിട്ടുണ്ടാകും. ബൈക്കിന് എന്തോ ഒരു മിസ്സിംഗ് വരുന്നതുപോലെ അവനു തോന്നി. സുഹൃത്തിന്റെ വീട്ടിലേയ്ക്ക് അല്പം കൂടിയേ ദൂരം ബാക്കിയുള്ളു. അവിടെ ചെന്നു കഴിഞ്ഞാൽ അവളോട് പറയേണ്ട കാര്യങ്ങൾ മനസ്സിൽ അടുക്കുകയായിരുന്നു അവൻ. അവൾക്ക് അതൊക്കെ മനസ്സിലാകും എന്ന ചെറിയ ഒരു പ്രതീക്ഷ ബാക്കിയുണ്ടായിരുന്നു അപ്പോഴും അവന്.

ഒന്നുരണ്ട് ചാട്ടത്തോടെ ബൈക്ക് ഓഫായി. തന്റെ പ്രതീക്ഷയുടെ വിധിസൂചകംപോലെ തോന്നി അപ്പോൾ അതവന്. കാൽകുത്തി ബൈക്ക് പതിയേ റോഡിന്റെ അരികിലേയ്ക്ക് അവൻ തള്ളിനീക്കി. അവൾ അപ്പോഴും പുറകിൽത്തന്നെ ഇരിയ്ക്കയായിരുന്നു. എന്തുപറ്റിയെന്നോ, എന്താ ബൈക്ക് നിന്നതെന്നോ അന്വേഷിക്കാതെ. അവളുടെ ഈ പെരുമാറ്റത്തിൽ അവന് അത്ഭുതംതോന്നി. ഒപ്പം സങ്കടവും.

അവൻ ബൈക്ക് സ്റ്റാർട്ട് ചെയ്യാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. പക്ഷേ, അവളെപ്പോലെത്തന്നെ ബൈക്കും മൗനം പാലിച്ചു.

'ഇതിനി സ്റ്റാർട്ടാവോന്ന് തോന്നണില്ല.' നിരാശനായി തിരിഞ്ഞ് അവൻ അവളോട് പറഞ്ഞു. അവൾ ഒന്നും മിണ്ടാതെ ബൈക്കിൽനിന്നും ഇറങ്ങി റോഡിന്റെ അരികിലുള്ള മഞ്ഞപൂക്കൾ നിറഞ്ഞ വാകമരത്തിനു ചുവടെ പോയി നിന്നു. ബൈക്ക് ഒതുക്കി ലോക്ക് ചെയ്ത് അവൻ അവളുടെ അടുത്തേയ്ക്ക് ചെന്നു. അവൾക്കുചുറ്റും ആരൊ വിതറിയതുപോലെ മഞ്ഞവാകപ്പൂക്കൾ നിറഞ്ഞിരുന്നു. പൂക്കൾക്കിടയിൽ ഒരു മഞ്ഞ ശലഭത്തെപ്പോലെ അവൾ നിൽക്കുന്നു.

'ഇവിടന്ന് കുറച്ചേ ദൂരമുള്ളു.. നമുക്ക് നടക്കാം...?' അവൻ ചോദിച്ചു.

'എനിക്ക് വീട്ടിൽ പോണം.' അവൾ പെട്ടെന്ന് പറഞ്ഞു.

അവൻ അത് പ്രതീക്ഷിച്ചിരുന്നില്ല. ഒരിക്കലും പ്രതീക്ഷിക്കാത്തതാണ് അവർക്കിടയിൽ കുറച്ചുനാളുകളായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. അവന് ഒരുപാട് സംസാരിക്കാനുണ്ടെന്ന് പറഞ്ഞിട്ടാണ് ഇന്ന് കാണാം എന്നവർ തീരുമാനിച്ചത്. ഒന്നും

ശല്യപ്പെടുത്താതെ സ്വസ്ഥമായിരുന്ന് സംസാരിക്കാൻ വേണ്ടിയാണ് സുഹൃത്തിന്റെ വീട് അവൻ ഏർപ്പാടാക്കിയതും.

അവൾ അവനെ നോക്കാതെ താഴെ ചിതറിക്കിടക്കുന്ന പൂക്കളിലേയ്ക്ക് നോക്കിനിന്നു. അത് കണ്ടപ്പോൾ അവന് ദേഷ്യം തോന്നി. ഇത്രയും ബുദ്ധിമുട്ടി എല്ലാം ചെയ്തത് പാതിവഴിവന്ന് തിരിച്ചുപോകാൻ വേണ്ടിയല്ല എന്ന് പറയണമെന്ന് അവന് തോന്നി. പക്ഷെ അവൻ പറഞ്ഞില്ല. പകരം നടക്കാം എന്നുപറഞ്ഞ് അവൻ കരുതിയത് വെറുതെയായി. ഒന്നും മിണ്ടാതെ അവനോടൊപ്പം അവൾ നടന്നു.

'വിശക്കുന്നുണ്ടോ..?' അല്പം നടന്നതിനുശേഷം അവൻ ചോദിച്ചു. 'എന്തെങ്കിലും കഴിച്ചിട്ടാണൊ വന്നത്.?'

അവൾ മറുപടിയായി ഒന്ന് മൂളി. അത്രയേ അവനും പ്രതീക്ഷിച്ചുള്ളു.

'എന്നതാ കഴിച്ചത്?' ഒരു നിമിഷത്തിനുശേഷം അവൻ ചോദിച്ചു.

'മുട്ട'

'വെറും മുട്ട മാത്രൊ?'

'അല്ല. മുട്ടകൊണ്ടുള്ള ഒരു വിഭവം. പേരോർമ്മയില്ല. ഉമ്മച്ചി ഉണ്ടാക്കിതന്നതാ.'

അവൻ ചിരിച്ചു. അവൾ എന്താ എന്ന അർത്ഥത്തിൽ അവനെ നോക്കി.

'നല്ല പ്രയോഗം' അവൻ ചിരിയ്ക്കിടയിൽ പറഞ്ഞു. 'മുട്ടകൊണ്ടുള്ള ഒരു വിഭവം.'

പറഞ്ഞുകഴിഞ്ഞ് അവൻ വീണ്ടും ചിരിച്ചു. അവളിലും ഒരു പുഞ്ചിരി പരന്നു. അപ്പോൾ അവളിലെ ഗൗരവത്തിന് ഒരു അയവുവന്നെന്ന് അവനു തോന്നി.

ഗണപതി അമ്പലത്തിന്റെ തെക്കുവശത്തൂടെയുള്ള കോൺക്രീറ്റ് റോഡിലൂടെ അവർ നടന്നു. വലത്തോട്ടുള്ള രണ്ടാമത്തെ വളവിന് ഇടതുവശത്തുകാണുന്ന റോസ് നിറമുള്ള വീടിന്റെ മതിലിനോട് ചേർന്ന് പുറകിലേയ്ക്ക് പോകുന്ന വീതി കുറഞ്ഞ വഴി അവസാനിക്കുന്നിടത്താണ് അവൻ ഏർപ്പാടാക്കിയ സുഹൃത്തിന്റെ വീട്. അവർ വീട്ടിലേയ്ക്ക് എത്തുമ്പോൾ സുഹൃത്തിന്റെ അമ്മ ഓമനിച്ചു വളർത്തുന്ന ചെമ്പൻപൂച്ച അമ്മയുടെ അഭാവത്തിൽ അവരെ സ്വീകരിക്കാനെന്നോണം ഉമ്മറപ്പടിയിൽ ഇരിക്കുന്നുണ്ടായിരുന്നു. മുൻവശത്തെ ജനലിന്റെ കുറ്റിയിടാതെ ചാരി അടച്ചിരുന്ന പാളി തുറന്ന് ജനൽപ്പടിയിൽ വച്ചിരുന്ന താക്കോൽ അവൻ കൈ എത്തിച്ച് എടുത്തു. പൂച്ചയെ കൈകൊണ്ട് ആട്ടിയോടിച്ച് അവൻ വാതിൽ തുറന്നു. അവൾ അവന്റെ പ്രവർത്തികൾ സസൂഷ്മം നിരീക്ഷിക്കുകയാണെന്ന് അവന് തോന്നി.

'വരൂ' വീട്ടിലേയ്ക്ക് കടന്നുകൊണ്ട് അവൻ പറഞ്ഞു.

അവൾ ചെരുപ്പ് അഴിക്കാൻ തുടങ്ങിയപ്പോൾ അത് തടഞ്ഞുകൊണ്ട് അവൻ പറഞ്ഞു;

'അഴിക്കേണ്ട. പുറത്ത് ചെരിപ്പുകണ്ടാൽ അകത്ത് ആളുണ്ടെന്നറിയും.'

അവൾ അവനെ ഒന്ന് നോക്കി.

'ആരും വരില്ല. എങ്കിലും നമ്മൾ ഒന്ന് സൂക്ഷിക്കുന്നത് നല്ലതാണല്ലോ.' അവൾക്ക് മറ്റൊന്നു തോന്നേണ്ട എന്നു കരുതി അവൻ പറഞ്ഞു.

അവൾ ചെരുപ്പഴിയ്ക്കാതെതന്നെ അകത്തേയ്ക്കു കയറി. അവൾ കയറിക്കഴിഞ്ഞപ്പോൾ അവൻ വാതിൽ അടച്ച് കുറ്റിയിട്ടു. അവൾക്കുപുറകിൽ അടഞ്ഞ വാതിൽ സ്വപ്നങ്ങൾ ബന്ധിക്കപ്പെട്ട കോട്ടവാതിൽപോലെ മുഴച്ചുനിന്നു.

അവൾ അകത്ത് മേശയ്ക്കു സമീപം കിടന്നിരുന്ന കസേരയിൽ ചെന്നിരുന്നു. അവൻ ഫാൻ ഓൺ ചെയ്തു. അവർക്കിടയിലേയ്ക്ക് നേരിയ തണുപ്പിൽ ഒരു കാറ്റ് പടർന്നിറങ്ങി.

അവൻ അവൾക്കരുകിൽ മറ്റൊരു കസേരയിൽ ചെന്നിരുന്നു. അവൾ അവനെ ശ്രദ്ധിക്കാതെ മേശപ്പുറത്തുനിന്നും ഒരു മാഗസിൻ എടുത്ത് അലസമായി പേജുകൾ മറിച്ചു.

'വായിച്ചുകഴിയുമ്പോൾ പറയണം. എനിക്ക് സംസാരിക്കാനുണ്ട്.' അവൻ അവളുടെ പ്രവർത്തിയിൽ ഇരച്ചു പൊങ്ങിയ ദേഷ്യത്തോടെ പറഞ്ഞു.

അവൾ മാഗസിൻ മേശപ്പുറത്തേയ്ക്ക് തന്നെയിട്ട് അവനു നേരെ തിരിഞ്ഞിരുന്നു. അവളുടെ മുഖത്ത് അപ്പോൾ താല്പര്യമില്ലായ്മ വ്യക്തമായിരുന്നു.

'ഫോണിലൂടെ സംസാരിച്ചാൽ ശരിയാകില്ല എന്ന് തോന്നിയതുകൊണ്ടാണ് കാണണം എന്ന് പറഞ്ഞത്.' അവൻ പറഞ്ഞു. 'ചിലകാര്യങ്ങൾ സംസാരിക്കുമ്പോൾ നീ അടുത്തുണ്ടാകുന്നത് ഒരാശ്വാസമാണ്.'

' പുതുതായി എന്തെങ്കിലും പറയാനുണ്ടോ?' അവൾ അവന്റെ സംസാരത്തിന് ഇടയിൽക്കയറി ചോദിച്ചു.

അവളുടെ ചോദ്യം അവന്റെയുള്ളിൽ ഒരു ചിലാട്ടിപക്ഷിയെപ്പോലെ ചിറകടിച്ച് ചിലച്ചുകൊണ്ടിരിരുന്നു. അവന് ഒന്നും പറയാൻ കഴിഞ്ഞില്ല. പുതിയ ഒന്നിനെക്കുറിച്ച ആയിരുന്നില്ല അവന് അവന്റെമാത്രം സ്വപ്നം കണക്കെ അവൾ പറഞ്ഞൊഴിയുന്നത്. അതുമാത്രമാണ് അവന് പറയാനുള്ളത്. സമാധാനത്തിൽ ഇരുന്ന് സംസാരിച്ച് തെറ്റിദ്ധാരണകൾ തീർത്ത് വീണ്ടും ഒരുമിച്ച് മുൻപത്തെപ്പോലെ കഴിയാം എന്ന് അവൻ വളരെ ആഗ്രഹിച്ചിരുന്നു.

'ഇല്ല.' അവൻ പറഞ്ഞു. 'എനിക്ക് നമ്മുടെ ജീവിതത്തെക്കുറിച്ചാണ് സംസാരിക്കാനുള്ളത്.'

'ഇതുതന്നെയാണല്ലൊ ഞാനെന്നും കേൾക്കുന്നത്. കേട്ടുകേട്ട് എനിക്ക് ഭ്രാന്ത് പിടിച്ചു ദയവുചെയ്ത് ഇപ്പൊ വീണ്ടും അതുതന്നെ പറയരുത്.'

അവളുടെ വാക്കുകളിൽ യാചനയായിരുന്നില്ല. അവനോടുള്ള പുച്ഛമായിരുന്നു നിറഞ്ഞിരുന്നത്. മുൻപൊന്നും അവൾ ഇങ്ങനെയായിരുന്നല്ലെന്ന് അവൻ ഓർത്തു. അന്നൊക്കെ ഓരോ നിമിഷവും അവൾ അവരുടെ സ്വപ്നങ്ങളെക്കുറിച്ച് സംസാരിച്ചു. ഭാവിയിലെ ഒരുമിച്ചുള്ള ജീവിതഘട്ടങ്ങളിൽ എങ്ങിനെയൊക്കെ ആയിരിക്കണമെന്ന്

ചർച്ചകൾ ചെയ്തു. അവന്റെ ഓരോ വാക്കുകളും തീർത്ഥം പോലെ അവൾ കുടിച്ചു. അറിയാതെയെങ്കിലും അവനെ വിഷമിപ്പിക്കുന്ന എന്തെങ്കിലും വന്നുപോയാൽ അവൾക്ക് കരച്ചിൽ വരുമായിരുന്നു. അതൊക്കെ പണ്ട് വായിച്ചു മറന്ന ഏതോ കഥ പോലെ ഇപ്പോൾ മറവിയുടെ തണുത്ത കോണിലടിഞ്ഞിരിക്കുന്നു.

‘ഞാൻ എന്താ വേണ്ടത്?’’ അവൻ മെല്ലെ ചോദിച്ചു. അവന്റെ ശബ്ദം അപ്പോൾ വിറച്ചിരുന്നു. നെഞ്ചിൽ കനമുള്ള എന്തോ എടുത്ത് വച്ചതുപോലെ ശ്വാസം മുട്ടുന്നുണ്ടായിരുന്നു അവന്.

അവൾ ഒന്നും പറഞ്ഞില്ല. ഇപ്പോൾ അവൾ മൗനത്തെ പെറ്റുവളർത്തുന്നു. മന സ്സുനിറയെ പെറ്റുപെരുകിയ മൗനം പുറത്തുചാടി അവൾക്കുചുറ്റുംനിന്ന് അവ നിൽനിന്നും അവളെ മറച്ചുപിടിച്ചു.

‘‘ഞാനൊരു തമാശയായിരുന്നോ നിനക്ക്?’’ അവൻ വീണ്ടും ചോദിച്ചു.

‘‘അല്ല’’.

അവളത് പറയുമ്പോൾ ശബ്ദം ചിലമ്പിച്ചിരുന്നതായി അവനുതോന്നി.

‘‘പിന്നെ?’’

വീണ്ടും മൗനം അവളെ പൊതിഞ്ഞു. അവൾ അപ്പോൾ തലകുനിച്ച് ഇരിയ്ക്ക യായിരുന്നു. അവൻ എഴുന്നേറ്റ് അവൾക്ക് സമീപം ചെന്ന് പതിയെ അവളുടെ മുഖം പിടിച്ചുയർത്തി. അവളുടെ കണ്ണുകൾ നിറഞ്ഞിട്ടുണ്ടായിരുന്നു. ചുണ്ടുകൾ വിറച്ചി രുന്നു. അവൻ അവളുടെ കണ്ണിൽ പതിയെ ചുംബിച്ചു. ചുണ്ടുകൾക്കിടയിലൂടെ അവ ളുടെ കണ്ണീരിന്റെ ഉപ്പുരസം അവനറിഞ്ഞു. അത് അകത്തേയ്ക്കിറങ്ങി അവന്റെ ഉള്ള് പൊള്ളിച്ചു. അവൻ അവളുടെ മുഖം തന്നിലേയ്ക്ക് ചേർത്തുപിടിച്ചു. കസേരയിൽ ഇരുന്നുകൊണ്ടുതന്നെ അവൾ അവനെ ഇറുക്കെ കെട്ടിപ്പിടിച്ചു. അവന്റെ വയറിനു മുകളിലായി ഷർട്ടിൽ അവളുടെ കണ്ണുനീർ വീണ് കുതിർന്ന ഒരു വൃത്തം രൂപപ്പെട്ടു.

അവൾ ഏങ്ങിയേങ്ങി കരഞ്ഞു. അല്പം ഒന്ന് കരഞ്ഞാൽ അവൾക്ക് ആശ്വാസം തോന്നുമെന്ന് അവൻ കരുതി. ഇത്രയുംനാൾ കെട്ടിയിട്ടതെല്ലാം പൊട്ടിയൊ ഴുകി അവൾ സ്വതന്ത്രയാകട്ടെ.

‘എന്തിനാ നീയെന്നെ ഒഴിവാക്കാൻ ശ്രമിച്ചത്?’ കരച്ചിൽ ഒന്നടങ്ങിയപ്പോൾ അവളെ ശരീരത്തിൽ ചേർത്തുകൊണ്ടുതന്നെ അവന ചോദിച്ചു.

‘എനിക്കതിനേ ആകുമായിരുന്നുള്ളൂ.’ വീണ്ടും പൊട്ടിവീണ കരച്ചിലിനൊപ്പം അവൾ പറഞ്ഞു.

‘എനിക്കെന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം നിന്നിലെ ഉണ്ടായിരുന്നുള്ളു. മറ്റുള്ള വരെല്ലാം എന്റെ കടമകൾ പറഞ്ഞ് എന്നെ കെട്ടിയിട്ടപ്പോഴും എല്ലാം സഹിച്ചത് എന്നെ മനസ്സിലാക്കുന്ന ഒരാളെങ്കിലും ഉണ്ടല്ലോ എന്ന ആശ്വാസത്തിലായിരുന്നു. പക്ഷെ നീയും എന്നെ മനസ്സിലാക്കുന്നില്ല എന്നറിഞ്ഞപ്പോൾ എനിക്ക് ഭ്രാന്ത് പിടിച്ചു.’

‘കരയാതിരിയ്ക്കു.’ അവളുടെ തലയിൽ പതിയെ തലോടികൊണ്ട് അവൻ പറഞ്ഞു. ‘എന്റെ തെറ്റാണെല്ലാം. ഞാൻ നിന്നെ മനസ്സിലാക്കണമായിരുന്നു. അല്ലെങ്കിൽ സ്നേഹിക്കുന്നു എന്ന പറയുന്നതിൽ എന്താണർത്ഥം.’

അവളുടെ കരച്ചിലിന്റെ ശക്തി കൂടി. അവൻ അവളെ തന്നിൽനിന്നും അടർത്തി ഒഴുകുന്ന അവളുടെ കണ്ണുനീർ തുടച്ചു. എന്നിട്ട് വീണ്ടും പറഞ്ഞു.

‘ചിലതെല്ലാം ഇങ്ങിനെയാണ് നിസാ. പറഞ്ഞുതന്നാൽ മാത്രമേ മനസ്സിലാകു. എനിക്ക് നീ എന്റെ പ്രണയം മാത്രമായിരുന്നു. മറ്റൊന്നും എനിക്ക് കാണാനായില്ല.’

അവൾ ഒന്നും പറഞ്ഞില്ല. അല്പനേരം അവന്റെ കണ്ണുകളിലേയ്ക്ക് നോക്കുക മാത്രം ചെയ്തു.

‘നമുക്ക് പോകാം.’ അവൻ മെല്ലെ പറഞ്ഞു. ‘മറ്റൊന്നും എനിക്കിപ്പൊ പറയാൻ കിട്ടുന്നില്ല.’

പോകാം എന്നോ വേണ്ടെന്നോ അവൾ പറഞ്ഞില്ല. അതിന് അവൾ മറുപടി പറയണമെന്ന് അവൻ ആഗ്രഹിച്ചുമില്ല.

അവൻ അവൾക്ക് ബാത്റൂം കാണിച്ചുകൊടുത്തു. അവൾ മുഖം കഴുകിവന്നു. കണ്ണാടിയിൽനോക്കി മുഖം തുടച്ചശേഷം മുടി ചീകാൻ അവൾ ഒരു ചീപ്പന്വേഷിച്ചു. അവൻ അത് കണ്ടെത്തിക്കൊടുത്തു.

‘എനിക്കിന്ന് മുടിചീകിത്തരോ..?’ പുഞ്ചിരിച്ചുകൊണ്ട് അവൾ ചോദിച്ചു. അവളുടെ പുഞ്ചിരിയിൽ മുൻപത്തെപോലെ അവനോടുള്ള സ്നേഹം നിറഞ്ഞിരുന്നു. അവൾ അവനുനേരെ ചീപ്പ് നീട്ടി.

കെട്ടുപിടിച്ച മുടിയിഴകൾക്കിടയിലൂടെ അവൾക്ക് വേദനിക്കാതെ അവൻ മെല്ലെ അവളുടെ മുടി ചീകി.

അവർ വാതിൽ പൂട്ടി പുറത്തിറങ്ങിയപ്പോൾ ചെമ്പൻ നിറമുള്ള ആ പൂച്ച എവിടെനിന്നോ അവർക്ക് ശുഭയാത്ര നേരാനെന്നോണം വന്നു. താക്കോൽ പഴയ സ്ഥാനത്തുതന്നെ വച്ച് അവർ റോഡിലേയ്ക്ക് നടന്നു. വീട്ടിലേയ്ക്കുള്ള വഴി റോഡിൽ ചേരുന്നിടം വരെ പൂച്ച അവരെ നിശബ്ദമായി പിന്തുടർന്നു. പിന്നെ ഒന്ന് ചീറി വീട്ടിലേയ്ക്ക് ഓടിപ്പോയി.

അവർ അമ്പലത്തിനുമുന്നിലെ ബസ്സ് സ്റ്റോപ്പിൽ എത്തിയപ്പോഴേയ്ക്കും ടൗണിലേയ്ക്കുള്ള ബസ്സ് വന്നു. ടൗണിലെത്തുംവരെ അവർ ഒന്നും സംസാരിച്ചില്ല. താൻ പുതിയ ഒരവസ്ഥയിലേയ്ക്ക് എത്തിപ്പെട്ടിരിക്കുന്നതായി അവന് തോന്നി. സ്വപ്നങ്ങളും പ്രതീക്ഷകളും ഒന്നുമില്ലാത്ത ഉള്ളിൽ ജീവന്റെ ഒരു ചെറു കാറ്റുമാത്രം വീശുന്ന ഒരവസ്ഥ.

അവൾ സന്തോഷത്തോടെ അവന്റെ കൈ തന്നിലേയ്ക്ക് ചേർത്ത് പിടിച്ച് പുറത്തെ കാഴ്ചകൾ കണ്ടിരിക്കുന്നത് കണ്ടപ്പോൾ അവന് അവളോട് വാത്സല്യം തോന്നി.

ബസ്സ് സ്റ്റാന്റ് ശബ്ദമുഖരിതമായിരുന്നു. അവൾക്ക് പോകാനുള്ള ബസ്സ് കിടക്കുന്ന സ്ഥലത്തേയ്ക്ക് അവർ ചെന്നു. അവൻ എന്തെങ്കിലും വേണോ എന്ന് ചേദിച്ചു. ഒരു കുപ്പി വെള്ളം അവൾ പറഞ്ഞതനുസരിച്ച് അവൻ വാങ്ങിനൽകി.

ബസ്സിലെ വിന്റോയ്ക്ക്  സമീപമുള്ള സീറ്റിൽ ചെന്നിരുന്ന് അവൾ അവനെ നോക്കി. ബസ്സിൽനിന്നും അല്പം അകന്നുമാറി അവളെ കാണാവുന്ന പാകത്തിൽ അവൻ നിൽക്കുന്നുണ്ടായിരുന്നു. ബസ്സ് പുറപ്പെടാൻ തയ്യാറായപ്പോൾ അവൾ അവന് കൈകാട്ടി യാത്രചോദിച്ചു. അവൻ ചിരിച്ചുകൊണ്ട് കൈകാണിച്ചു.

ബസ്സ് അവന്റെ കണ്ണിൽനിന്നും മറഞ്ഞപ്പോൾ പെട്ടെന്ന് അവന്റെ ഉള്ളിൽ ഭയാനകമായ ഒരുശൂന്യത വന്നുകൂടി. ബസ്സ് സ്റ്റാന്റിലെ കാഴ്ചകകൾക്കും ശബ്ദങ്ങൾക്കും മേൽ പകലും ഇരുട്ട് ഉറഞ്ഞതുപോലെ അവന് തോന്നി. അവൻ ആ ഇരുട്ടിലേയ്ക്ക് പതിയെ ഇറങ്ങിവന്നു. അവന്റെ ശൂന്യമായ ഉള്ളിൽ ഇരുട്ട് സ്ഥാനമുറപ്പിച്ചു. പതിയെ പതിയെ ഇരുട്ട് അവനെ വിഴുങ്ങി. അവൻ ഇരുട്ടിൽ അലിഞ്ഞുചേർന്ന് മറ്റൊരു ഇരുട്ടായി.

*************************